**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1482** **07-02-2023 - ൽ മറുപടിയ്ക്ക്**

**തൊഴിലില്ലായ്മ വേതനം നൽകുന്നതിന്റെ മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുണ്ട്; ഇതിൽ എത്ര തൊഴിൽരഹിതർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ; | (എ) | സംസ്ഥാനത്ത് നിലവിൽ85 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുണ്ട്. ഇതിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധം I** ആയി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് ആകെയുള്ള അഭ്യസ്തവിദ്യരായ തൊഴിൽരഹിതരിൽ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ, പുരുഷനും സ്ത്രീയും തിരിച്ചുള്ള ജില്ലാതല കണക്ക് ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനത്ത് പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള പുരുഷൻമാരുടെയും, സ്ത്രീകളുടെയും ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധം II** ആയി ചേർക്കുന്നു. |
| (സി) | സംസ്ഥാനത്ത് തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരുടെ പുരുഷനും സ്ത്രീയും തിരിച്ചുള്ള ജില്ലാതല കണക്ക് നല്കാമോ; | (സി) | തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരുടെ ജില്ല തിരിച്ചുള്ള വിവരം **അനുബന്ധം III** ആയി ചേർക്കുന്നു. |
| (ഡി) | തൊഴിലില്ലായ്മ വേതനം നൽകുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്തെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് പതിനെട്ട് വയസ്സിനുശേഷം 3 വർഷം തുടർച്ചയായി തൊഴിലൊന്നും ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവർക്കും, വാർഷിക കുടുംബവരുമാനം 12,000/- രൂപയിൽ കവിയാത്തവർക്കും വ്യക്തിഗത വരുമാനം 100/- രൂപയിൽ കവിയാത്തവർക്കും ഈ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷകരുടെ പ്രായപരിധി 35 വയസ്സിൽ കവിയരുത്. അപേക്ഷകർ എസ്.എസ്.എൽ.സി പാസ്സായവരും 18 വയസ്സിനുശേഷം 3 വർഷത്തെ രജിസ്ട്രേഷൻ സീനിയോറിറ്റി ഉള്ളവരും ആയിരിക്കണം. (SC/ST വിഭാഗത്തിൽ പെട്ടവരും/ ഭിന്നശേഷിക്കാരും എസ്.എസ്.എൽ.സി പരീക്ഷ എഴുതിയിരുന്നാലും മതി, പാസ്സാകണമെന്നില്ല). ഭിന്നശേഷിക്കാർക്ക് 18 വയസ്സിനു ശേഷം രണ്ട് വർഷത്തെ രജിസ്ട്രേഷൻ സീനിയോറിറ്റി മതിയാകും. അപേക്ഷകർ വിദ്യാർത്ഥിയാകാൻ പാടില്ല. 6 മാസം വരെ ദൈർഘ്യമുള്ള ഹ്രസ്വകാല കോഴ്സിൽ |

| | | | |
|---|---|---|---|
| | | | പഠിക്കുന്നവരെ വിദ്യാർത്ഥിയെന്ന നിർവ്വചനത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.<br><br>മേൽ പറഞ്ഞ യോഗ്യതയുള്ളവർ സമർപ്പിക്കുന്ന അപേക്ഷ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അർഹത പരിശോധനയുടെ അടിസ്ഥാനത്തിൽ, അർഹതയുണ്ടെങ്കിൽ തൊഴിലില്ലായ്മ വേതനം അനുവദിക്കും. തുടർന്ന് ഓരോ തവണ തൊഴിലില്ലായ്മ വേതനം അനുവദിക്കുമ്പോഴും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം അപേക്ഷകനെ വിളിച്ചു വരുത്തി അപേക്ഷകന്റെ തൊഴിൽനില, വരുമാനം, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ തുടങ്ങിയവ സംബന്ധിച്ച് പരിശോധന നടത്തി അർഹത ഉറപ്പു വരുത്തി തൊഴിലില്ലായ്മ വേതനം അനുവദിച്ചു നൽകുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| ജില്ല | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 438286 |
| കൊല്ലം | 311966 |
| ആലപ്പുഴ | 222442 |
| പത്തനംതിട്ട | 101893 |
| കോട്ടയം | 168479 |
| ഇടുക്കി | 85923 |
| എറണാകുളം | 252460 |
| തൃശ്ശൂർ | 204265 |
| പാലക്കാട് | 185795 |
| മലപ്പുറം | 200758 |
| കോഴിക്കോട് | 277372 |
| വയനാട് | 75613 |
| കണ്ണൂർ | 138583 |
| കാസർഗോഡ് | 72634 |

Kavitha T

**സെക്ഷൻ ഓഫീസർ**

**അനുബന്ധം II**

| ജില്ല | പുരുഷൻ | സ്ത്രീ |
|---|---|---|
| തിരുവനന്തപുരം | 4750 | 14297 |
| കൊല്ലം | 3553 | 9914 |
| ആലപ്പുഴ | 1695 | 5489 |
| പത്തനംതിട്ട | 1333 | 4194 |
| കോട്ടയം | 1731 | 5320 |
| ഇടുക്കി | 1071 | 2631 |
| എറണാകുളം | 3247 | 8851 |
| തൃശ്ശൂർ | 2564 | 8816 |
| പാലക്കാട് | 1980 | 5586 |
| മലപ്പുറം | 3222 | 8018 |
| കോഴിക്കോട് | 2520 | 9535 |
| വയനാട് | 986 | 3008 |
| കണ്ണൂർ | 1868 | 7620 |
| കാസർഗോഡ് | 1110 | 3655 |

Kavitha I

**സെക്ഷൻ ഓഫീസർ**

**അനുബന്ധം III**

| ക്രമ നമ്പർ | ജില്ല | തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരുടെ ആകെ എണ്ണം | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 1103 | 137 | 966 |
| 2 | കൊല്ലം | 2081 | 141 | 1940 |
| 3 | പത്തനംതിട്ട | 161 | 24 | 137 |
| 4 | ആലപ്പുഴ | 2576 | 431 | 2145 |
| 5 | കോട്ടയം | 472 | 83 | 389 |
| 6 | ഇടുക്കി | 221 | 29 | 192 |
| 7 | എറണാകുളം | 26 | 7 | 19 |
| 8 | തൃശ്ശൂർ | 38 | 16 | 22 |
| 9 | പാലക്കാട് | 23 | 8 | 15 |
| 10 | മലപ്പുറം | 194 | 87 | 107 |
| 11 | കോഴിക്കോട് | 24 | 5 | 19 |
| 12 | വയനാട് | 28 | 1 | 27 |
| 13 | കണ്ണൂർ | 163 | 38 | 125 |
| 14 | കാസർഗോഡ് | 11 | 3 | 8 |
| **ആകെ** | | 7121 | 1010 | 6111 |

Kavitha. I

**സെക്ഷൻ ഓഫീസർ**